**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3230** **11-03-2025 - ൽ മറുപടിയ്ക്ക്**

**നന്നമ്പ്ര എം.ജി.എൽ.സി. സ്കൂളിന് പ്രവർത്തനാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര എം.ജി.എൽ.സി. സ്കൂൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നിലവിൽ നന്നമ്പ്ര എം ജി എൽ സി പ്രവർത്തിക്കുന്നുണ്ട്. നന്നമ്പ്ര പഞ്ചായത്തിലെ കാളം തിരുത്തി എം.ജി.എൽ.സി എന്നാണ് ഇത് അറിയപ്പെടുന്നത്. ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരമാണ് പ്രസ്തുത എം.ജി.എൽ.സി പ്രവർത്തിക്കുന്നത്. ദുർഘടമായ മേഖലകളിൽ പ്രവർത്തിച്ച് വരുന്നതും കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനായി തൊട്ടടുത്ത സ്കൂളിലേയ്ക്ക് 4 കിലോമീറ്ററിലധികം ദൂരമുള്ളതും ഒറ്റപ്പെട്ട വനമേഖലകളിൽ പ്രവർത്തിച്ചു വരുന്നതുമായ എം.ജി.എൽ.സി. കൾ നിലനിർത്തുന്നതിനും എന്നാൽ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറഞ്ഞതും നിലവിൽ വിദ്യാർത്ഥികൾ ഇല്ലാത്തതുമായ എം.ജി.എൽ.സി. കൾ അടച്ച് പൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഇത് സംബന്ധിച്ച് 03.09.2024 ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വിദ്യാലയത്തിൽ ആവശ്യത്തിന് കുട്ടികളുണ്ടെന്നതും സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ടെന്നതും സ്കൂളിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ വിദ്യാലയത്തിൽ 41 കുട്ടികൾ പഠിക്കുന്നുണ്ട്. സ്കൂളിന് 88 സെന്റ് സ്ഥലം ഉണ്ട്. രണ്ട് സ്ഥിരം ക്ലാസ്സ് മുറികളും താൽക്കാലികമായി മൂന്ന് ക്ലാസ്സ് മുറികളും ഉണ്ട്. ഒരു സൈഡിൽ മാത്രം മതിൽ നിർമ്മിച്ചിട്ടുണ്ട്. |
| (സി) | ഈ വിദ്യാലയത്തിന് എത്ര കിലോമീറ്റർ ദൂരത്താണ് മറ്റേതെങ്കിലും എൽ.പി. സ്കൂൾ ഉള്ളതെന്ന് വിശദമാക്കാമോ; | (സി) | എ.എം.എൽ.പി.എസ് കൊടുന്തല -3 കിലോമീറ്റർ.<br>ജി.എച്ച്. എസ് തൃക്കുളം - 4 കിലോമീറ്റർ. |
| (ഡി) | ഈ പ്രദേശത്തു നിന്നും തൊട്ടടുത്ത സർക്കാർ സ്കൂളിലേക്ക് കുട്ടികൾക്ക് പോകുന്നതിന് പൊതുഗതാഗത സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | ടി റൂട്ടിൽ ബസ് സർവ്വീസ് ഇല്ല. മറ്റ് ഗതാഗത സൗകര്യങ്ങൾ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രദേശത്ത് പൊതുഗതാഗത സംവിധാനം നിലവിലില്ലാത്തതിനാൽ ഈ വിദ്യാലയം വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് വരെ ഈ ദ്വീപ് പ്രദേശത്തെ കുട്ടികൾക്ക് തൊട്ടടുത്ത സർക്കാർ സ്കൂളിലേക്ക് എത്തിച്ചേരുന്നതിനുള്ള എന്ത് സൗകര്യം ഒരുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | നിലവിൽ ഈ എം.ജി.എൽ.സി. പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ